## വിക്ടേഴ്സ് ചാനലിൽ വന്ന മലയാളം ക്ലാസ്സുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും

23-12- 2020

### അടിസ്ഥാന പാഠാവലി- X -ശ്രീനാരായണഗുരു - 01

യൂണിറ്റിലെ മുൻ പാഠഭാഗങ്ങൾ ഓർമ്മപ്പെടുത്തി.

കൊച്ചുചക്കരച്ചി

ഓണമുറ്റത്ത്

കോഴിയും കിഴവിയും

▪ഒന്നും മറ്റൊന്നിന് അന്യമായി തീരാത്ത ഒരു നാടാണ് മഹത്തരം . നാട്ടുവഴികളിൽ നാടിന്റെ വെളിച്ചമായി തീർന്ന ഒരുപാട് മനുഷ്യരുണ്ട്.

നാടിന്റെ നിലാവായി തീർന്ന അത്തരം മനുഷ്യരെ കുറിച്ചാണ് ഇനി പറയുന്നതെന്ന് സൂചിപ്പിച്ചു.

നാടിന്റെ വെളിച്ചമായിത്തീർന്ന ആ മനുഷ്യർ ആരൊക്കെയാണ്? എന്ന ചോദ്യത്തിലൂടെ കേരളത്തിലെ പ്രധാനപ്പെട്ട ചില സാമൂഹ്യനവോത്ഥാന നായകന്മാരെ പരിചയപ്പെടുത്തി.

ശ്രീനാരായണഗുരു

ചട്ടമ്പിസ്വാമികൾ

വി ടി ഭട്ടതിരിപ്പാട്

അയ്യങ്കാളി

പൊയ്കയിൽ യോഹന്നാൻ

ശ്രീനാരായണഗുരു എന്ന ലേഖനത്തിന്റെ ഉള്ളടക്കത്തെക്കുറിച്ച് സൂചന നൽകി.

സാമൂഹ്യ നവോത്ഥാന ചരിത്രത്തിൽ സൂര്യതേജസ്സായി ജ്വലിച്ചു നിൽക്കുന്ന ഒരു പേരാണ് ശ്രീനാരായണഗുരുവിന്റേത്.

ശ്രീനാരായണഗുരുവിന്റെ ജീവിതം, പ്രവർത്തനം, ദർശനങ്ങൾ ഇവയെ മുൻവിധികളില്ലാതെ പരിചയപ്പെടുത്തുന്ന ഒരു ലേഖനമാണ് 'ശ്രീനാരായണഗുരു ' .

കുറ്റിപ്പുഴ കൃഷ്ണപിള്ള , ,കവി കുമാരനാശാനോടൊപ്പം ചേർന്നെഴുതിയ 'ശ്രീനാരായണഗുരു ജീവചരിത്രവും ഗുരുസ്മൃതികളും ' എന്ന പുസ്തകത്തിൽ നിന്നും എടുത്തതാണ് ലേഖനം .

ആത്മീയ ചിന്തകളെ യുക്തിഭദ്രമായി വിലയിരുത്തുന്ന ഒരു സമീപനം ലേഖനത്തിൽ കാണാം.

കുറ്റിപ്പുഴ കൃഷ്ണപിള്ളയെ പരിചയപ്പെടുത്തി.

▪വിവർത്തകൻ, വാഗ്മി, പത്രപ്രവർത്തകൻ, പുരോഗമന കലാ സാഹിത്യ കാരൻ , അധ്യാപകൻ.

▪പ്രധാന കൃതികൾ :

വിചാരവിപ്ലവം, നിരീക്ഷണം, മാനസോല്ലാസം, ചിന്താ തരംഗം......

ശ്രീനാരായണഗുരുവിന്റെ ജീവിതചിത്രം വെളിവാക്കുന്ന ഒരു വീഡിയോ പ്രദർശിപ്പിച്ചു.

▪1856 ൽ മാടനാശാന്റെയും കുട്ടിയമ്മയുടെയും മകനായി തിരുവനന്തപുരം ചെമ്പഴന്തിയിൽ ജനനം.

▪ഗുരുകുലസമ്പ്രദായത്തിൽ ഉപരിപഠനം നടത്തി.

▪സമൂഹത്തിലെ തൊട്ടുകൂടായ്മ , തീണ്ടിക്കൂടായ്മ എന്നീ ദുരാചാരങ്ങൾക്കെതിരെ പൊരുതി.

▪നവോത്ഥാന കേരളത്തിന്റെ സൃഷ്ടിയിൽ മുന്നണിപ്പോരാളിയായി പ്രവർത്തിച്ചു.

▪കെട്ടുകല്യാണം, തിരണ്ടുകുളി തുടങ്ങിയ ദുരാചാരങ്ങളിലെ ധൂർത്തിനെ എതിർത്തു.

▪1888 മാർച്ച് 11 ന് അരുവിപ്പുറത്ത് ഈഴവ ശിവനെ പ്രതിഷ്ഠിച്ച് ആരാധനാ സ്വാതന്ത്ര്യത്തിന് വഴിതുറന്നു .

▪ജാതിഭേദം മതദ്വേഷം

ഏതുമില്ലാതെ സർവ്വരും

സോദരത്വേന വാഴുന്ന

മാതൃകാസ്ഥാനമാണിത് - എന്ന് ദേവാലയ കവാടത്തിൽ എഴുതിവെച്ചു.

▪1903 ൽ ഡോക്ടർ പൽപ്പുവിനൊപ്പം ശ്രീനാരായണഗുരു ധർമ്മപരിപാലനയോഗം സ്ഥാപിച്ചു.

▪1905 ൽ ഇന്ത്യയിലെ ആദ്യത്തെ കാർഷിക , വ്യാവസായിക പ്രദർശനം കൊല്ലത്ത് വെച്ച് നടന്നപ്പോൾ അതിന്റെ നേതൃത്വം വഹിച്ചു.

▪1916 ൽ, ക്ഷേത്രങ്ങളല്ല ഇനി വേണ്ടത് വിദ്യാലയങ്ങളാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് വിദ്യാഭ്യാസത്തിന്റെ വിമോചന മൂല്യത്തെ ഉദ്ഘോഷിച്ചു.

▪1921 ഇന്ത്യയിലാദ്യമായി സഹോദര സമ്മേളനം സംഘടിപ്പിച്ചു. മനുഷ്യജാതി എന്ന വിശാലമായ കാഴ്ചപ്പാട് അവതരിപ്പിച്ചു.

▪1922 നവംബർ 22 ന് രവീന്ദ്രനാഥ ടാഗോറുമായി കൂടിക്കാഴ്ച നടത്തി.

▪1925 മാർച്ച് 12 ന് ഗാന്ധിജിയുമായി കൂടിക്കാഴ്ച നടത്തി.

▪തത്വചിന്ത, പ്രബോധനം, സ്തോത്രം, ഗദ്യം, പരിഭാഷ എന്നീ നിലകളിലായി നിരവധി കൃതികൾ രചിച്ചു.

▪1928 സെപ്റ്റംബർ 20 ന് ഇന്ത്യൻ സാമൂഹ്യവിപ്ലവത്തിന്റെ ഈ നക്ഷത്രം അസ്തമിച്ചു.

🏺 ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ ഉദ്ഘാടനച്ചടങ്ങിന്റെ വാർത്ത ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് , എന്തുകൊണ്ടാണ് ശ്രീനാരായണഗുരുവിന്റെ ഓർമ്മകൾക്ക് ഇപ്പോഴും പ്രസക്തി ഉണ്ടാവുന്നു എന്ന ചിന്തയിലേക്ക് കുട്ടികളെ നയിച്ചു.

▪ ഭാരതം ധാരാളം സാമൂഹ്യ നവോത്ഥാന നായകന്മാർക്ക് ജന്മം നൽകിയിട്ടുണ്ട്.

അവരിൽ നിന്നൊക്കെ വ്യത്യസ്തമായി ശ്രീനാരായണഗുരുവിന്റെ ചിന്തകളും പ്രവർത്തനങ്ങളും സമൂഹത്തിന് എക്കാലവും വെളിച്ചമായി മാറുന്നു.

■അനുബന്ധമായി സച്ചിദാനന്ദന്റെ ' മഹാബലി അവശിഷ്ടങ്ങളിലൂടെ ' എന്ന കവിതയിലെ വരികൾ ഓർമപ്പെടുത്തി.

▪ഇതിലെ നടന്നു പോയ് വലിയവർ ഈ -

നാട്ടുവഴികളിലെല്ലാം നിലാവായ് പടർന്നവർ .

🏺 പാഠഭാഗത്തെ ആദ്യ രണ്ട് ഖണ്ഡിക വായിക്കുകയും മറ്റുള്ള നവോത്ഥാന നായകരിൽ നിന്നും ശ്രീനാരായണഗുരു എപ്രകാരം വ്യത്യസ്തമായിരിക്കുന്നു എന്ന് വിശദീകരിക്കുകയും ചെയ്യു.

🍁രാജാറാം മോഹൻറോയ്, സ്വാമി വിവേകാനന്ദൻ തുടങ്ങിയ നവോത്ഥാന നായകരിൽ അവരുടെ സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങൾക്കുള്ള പ്രചോദനമായി മാറുന്നത് വൈയക്തികമായ ദുഃഖങ്ങളാണ്.എന്നാൽ ശ്രീനാരായണഗുരുവിന്റെ സാമൂഹ്യ പരിഷ്കരണ പ്രചോദനം മറ്റൊന്നായിരുന്നു. തനിക്കു ചുറ്റുമുള്ള ദരിദ്രരായ മനുഷ്യരുടെ വേദനയും അവർ ഏറ്റുവാങ്ങുന്ന ചൂഷണങ്ങളുമാണ് ഗുരുവിനെ സാമൂഹ്യ നവോത്ഥാനത്തിന്റെ തീച്ചൂളയിലേക്ക് നടക്കാൻ പ്രേരിപ്പിച്ചത്.

സ്വന്തം വേദനയെക്കാൾ, അപരരായ മനുഷ്യർ ഏറ്റുവാങ്ങുന്ന ചൂഷണവും വിദ്യാഭ്യാസ നിഷേധവും തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും മർദ്ദനങ്ങളും ഗുരുവിനെ സങ്കടപ്പെടുത്തി.

■അനുബന്ധമായി അനുകമ്പാദശകത്തിലെ പ്രസിദ്ധമായ വരികൾ ഉദാഹരിച്ചു.

▪ഒരു പീഡയെറുമ്പിനും വരു-

ത്തരുതെന്നുള്ള അനുകമ്പയും സദാ

കരുണാകര ! നൽകുകുള്ളിൽ നിൻ -

തിരുമെയ് വിട്ടകലാത്ത ചിന്തയും

🍁മറ്റ് മഹാപുരുഷന്മാരും യതിവര്യൻമാരും ചെയ്യാറുള്ളതുപോലെ സ്വന്തം മോക്ഷത്തെ ശ്രീനാരായണ ഗുരു ലക്ഷ്യമാക്കിയില്ല. മോക്ഷം ഉദാത്തമായ ലക്ഷ്യമാണെങ്കിലും അത് തികച്ചും  വൈയക്തികമായ നേട്ടമാണെന്നാണ് ഗുരുവിന്റെ കാഴ്ചപ്പാട്.

മോക്ഷം നേടുക എന്ന  വ്യക്തി കേന്ദ്രീകൃതമായ സ്വാർത്ഥത അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല.തന്റെ തപസ്സു കൊണ്ടും ജ്ഞാനം  കൊണ്ടും വികസിപ്പിച്ച വ്യക്തി മഹത്വത്തെ സമൂഹത്തിന്റെ ഉന്നമനത്തിനായി അദ്ദേഹം വിനിയോഗിച്ചു.

🍁തന്റെ  തപശക്തിയേയും ജ്ഞാശക്തിയേയും അദ്ദേഹം ലൗകിക തലത്തിലേക്കും പ്രസരിപ്പിച്ചു.

ഒരുപാട് ജനങ്ങളുടെ അന്ധകാര ജീവിതത്തിൽ പ്രകാശം പരത്തി അവരെ സ്വാതന്ത്ര്യബോധമുള്ള മനുഷ്യരാക്കി.

ജാതിക്കെതിരെ പ്രവർത്തിച്ചു

കേരളീയരെ മനുഷ്യത്വം പഠിപ്പിച്ചു

അറിവും പ്രയോഗവും സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രായോഗികവേദാന്തത്തിന് പ്രാധാന്യം കല്പിച്ചു.

ജ്ഞാനിയായി തപസ്സിൽ മുഴുകി ഇരിക്കുന്ന ഒരാളല്ല ശ്രീനാരായണഗുരു.അറിവിനെ പ്രയോഗവത്കരിക്കാൻ ഗുരുവിന് സാധിച്ചു.

തുടർ പ്രവർത്തനം :

1.സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനത്തിന്റെ ഇന്ത്യൻ നേതാക്കളിൽനിന്ന് ശ്രീനാരായണഗുരു എങ്ങനെയൊക്കെയാണ് വ്യത്യസ്തനാകുന്നത് ? വിശകലന കുറിപ്പ് തയ്യാറാക്കുക.

വിശകലനക്കുറിപ്പിൽ ഉൾക്കൊള്ളിക്കേണ്ട കാര്യങ്ങളെ കുറിച്ച്  സൂചന നൽകി.

▪സാമൂഹ്യ അന്വേഷണങ്ങളുടെയും പരിഷ്കരണ ദൗത്യങ്ങളുടെയും പ്രചോദനമായി ഗുരു ഉൾക്കൊണ്ട കാര്യങ്ങൾ .

▪മോക്ഷം എന്ന ലക്ഷ്യത്തോടുള്ള ഗുരുവിന്റെ സമീപനം.

▪ജ്ഞാനസിദ്ധനും കർമ്മ സിദ്ധനുമായ ഗുരു.

നവാസ് മന്നൻ

GHSS ശ്രീകണ്ഠപുരം